# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3398** **23/06/2014-ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽ നിന്നും അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽ നിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധനവും തുറമുഖവും വകുപ്പിൽ നിന്നും അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം എ ആയി ചേർത്തിരിക്കുന്നു. |
| (ബി) 2013-14, 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) 2013-14 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട തിരുഹൃദയം- വിശ്വഭവനം റോഡിന് (8.80 ലക്ഷം) ഭരണാനുമതി നൽകുകയുണ്ടായി. 2014-15-ൽ മാവേലിക്കര മണ്ഡലത്തിൽ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) 2013-14 വർഷത്തിൽ മത്സ്യബന്ദന-തുറമുഖ വകുപ്പ് ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) 2013-14 സാമ്പത്തിക വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 82 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| (ഡി) മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന മാവേലിക്കര നിയോജക മണ്ഡലത്തിൽ 174.61 ലക്ഷം രൂപയ്ക്ക് പാലമേലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ അനുമതി നൽകി പദ്ധതി പുരോഗമിച്ചു വരുന്നു.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| റോഡിന്റെ പേര് | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1)കൈപ്പള്ളിക്കടവ്-മേലോട്ടിൽ മുക്ക് | 18.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2)പുലിമേൽ കല്ലിരിക്കുന്നേൽമുക്ക് മുതൽ കുമ്പിളിമല വള്ളക്കടവ് റോഡ് | 20.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3)തിരുഹൃദയക്കുന്ന് വിശ്വഭവനം റോഡ് | 8.80 ലക്ഷം | കാരാറിൽ ഏർപ്പെട്ടു |

**സെക്ഷൻ ആഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**